## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1270 — 13/12/2012 ൽ മറുപടിയ്ക്ക്

## ടോറൻസ് സമ്പ്രദായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ടോറൻസ് സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണെന്നറിയിക്കുമോ; | (എ) | ഉണ്ട്. അങ്കമാലി, കോട്ടയം എന്നീ പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധീനതയിൽ വരുന്ന വില്ലേജുകളിലാണ് ടോറൻസ് സമ്പ്രദായം നിലവിൽ ഉള്ളത്. |
| (ബി) പ്രസ്തുത ആഫീസുകളിൽ എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുളളത്; അവർ ഏതൊക്കെ തസ്തികകളിലാണെന്ന് അറിയിക്കാമോ; | (ബി) | അങ്കമാലിയിൽ 7 ഉം, കോട്ടയത്ത് 3 ഉം ഉൾപ്പെടെ ആകെ 10 ജീവനക്കാർ നിലവിൽ ജോലി നോക്കുന്നു. 2 ഹെഡ് സർവെയർ, 6 ഡ്രാഫ്റ്റ്സ്മാൻ, 1 സർവെയർ , 1 ചെയിൻമാൻ എന്നീ തസ്തികകളാണ് നിലവിലുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്ലാൻ ഫീസ് നിലവിൽ എത്ര രൂപയാണെന്നും, ഫീസ് അവസാനം വർദ്ധിപ്പിച്ചത് എപ്പോഴാണെന്നും അറിയിക്കുമോ; | (സി) & (ഡി) | ഭൂമി കൈമാറ്റം ചെയ്യുമ്പോൾ ഹാജരാക്കേണ്ട സർവ്വെ മാപ്പ് അംഗീകരിക്കുന്നതിനും, അഡീഷണൽ പകർപ്പ് അംഗീകരിക്കുന്നതിനും കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ ന്യായവിലയുടെ 0.5 ശതമാനമായി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ പൊതുജനങ്ങളിൽ നിന്നുമുണ്ടായ പരാതിയെതുടർന്ന് ഇക്കാര്യങ്ങളെ ക്കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനമാകുന്നതുവരെ പരിഷ്കരണിന് മുമ്പുള്ള നിരക്കുകൾ ആയിരിക്കും പ്രാബല്യത്തിൽ ഉണ്ടാവുക. |
| (ഡി) | ഇത്തരത്തിൽ ഫീസ് വർദ്ധിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (ഇ) | ഫീസിനത്തിൽ ഇക്കഴിഞ്ഞ ഒരു വർഷം സംസ്ഥാനത്ത് എന്ത് തുക ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ഇ) | 10 ലക്ഷത്തോളം രൂപ കഴിഞ്ഞ വർഷം ലഭിച്ചിരുന്നു. |
| (എഫ്) | ടോറൻസ് സമ്പ്രദായം സംസ്ഥാനത്ത് മുഴുവൻ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ